# നവകേരളം കർമ്മ പദ്ധതി ഹരിതകേരളം മിഷൻ

## ശുചിത്വ മാലിന്യ സംസ്ക്കരണ ഉപമിഷൻ

**തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ട് പ്രവർത്തിക്കുന്നതിന് താത്പര്യപത്രങ്ങൾ ക്ഷണിക്കുന്ന അറിയിപ്പ്**

**വിജ്ഞാപന നമ്പർ: 2152/സി1/2017/എസ്.എം** **തീയതി: 05/04/2018**

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ കീഴിലുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷനു കീഴിൽ ക്ളസ്റ്റർ അഥവാ ജില്ലാ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നു. 15.07.2017 ലെ സ.ഉ. (സാധാ)നം.2420/2017/ത.സ്വ.ഭവ യിൽ നിഷ്കർഷിക്കുന്ന പ്രകാരം സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ രൂപീകരിക്കപ്പെടുന്ന ഹരിത കർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുക, ടി സേനയുടെ മേൽനോട്ടം, പരിശീലനം, മാലിന്യ സംസ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന നൽകുന്ന സാങ്കേതിക റിപ്പോർട്ടുകളുടെ ക്രോഡീകരണവും നിശ്ചിത ഇടവേളകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്/ഹരിത കേരള മിഷന് ടി റിപ്പോർട്ടുകൾ നൽകുകയുമടക്കമുള്ള പ്രവർത്തനങ്ങളാണ് ഹരിത സഹായ സ്ഥാപനം നിർവ്വഹിക്കേണ്ടത്. പ്രൊഫഷണലായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ നോക്കിനടത്തുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യവും മുൻപരിചയവും മാനവവിഭവ ശേഷിയും സാങ്കേതിക പരിജ്ഞാനവുമുള്ള ശുചിത്വ മിഷന്റെ സേവനദാതാക്കളിൽ നിന്നും ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. (വിശദാംശങ്ങൾക്ക് സ.ഉ( സാധാ)നം.2420/2017/തസ്വഭവ തീയതി 15.07.2017 വായിച്ചിരിക്കേണ്ടതാണ്)

1. **ഹരിത സഹായ സ്ഥാപനം മുഖേന നിർവ്വഹിക്കപ്പെടേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ താഴെപ്പറയും വിധമാണ്.**

    a. ഹരിത കർമ്മസേനക്ക് ആവശ്യമായ പരിശീലനം നൽകുക

    b. അതതു തദ്ദേശ സ്വയംഭരണ പ്രദേശത്തിന്റെ സവിശേഷതകൾക്കനുസരിച്ചും ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുരൂപമായും വിവിധ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് ഹരിത കർമ്മസേനയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പങ്കാളിത്തത്തോടെ നടപ്പാക്കുക.

    c. ആവശ്യകതാനിർണ്ണയ സർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ടാക്കുകയും അത് തദ്ദേശ സ്വയംഭരണ സ്ഥാപനതല ശില്പശാലയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിന് നേതൃത്വം വഹിക്കുകയും ചെയ്യുക.

    d. തദ്ദേശ സ്വയംഭരണ സ്ഥാപനതല ശില്പശാലയിൽ നിന്നുള്ള വിവരങ്ങൾ കൂടി ചേർത്ത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണ വിശദാംശരേഖ തയ്യാറാക്കി നൽകുക.

    e. ജൈവ മാലിന്യ സംസ്കരണത്തിനുള്ള പൊതുസംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക, ഇവ കുറ്റമറ്റ

രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രോട്ടോക്കോൾ തയ്യാറാക്കി ഹരിത കർമ്മസേനയെ പരിശീലിപ്പിക്കുക, നിരീക്ഷണത്തിലൂടെയും നിർദ്ദേശങ്ങളിലൂടെയും അവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക.

f. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിനു തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ (ക്ലീൻകേരള കമ്പനിയും അവയ്ക്കുപുറമേ അനുയോജ്യരായ മറ്റുസ്ഥാപനങ്ങളും) കണ്ടെത്തി, അവർക്കാവശ്യമായ രീതിയിൽ അജൈവമാലിന്യം തരംതിരിച്ചു സൂക്ഷിക്കുന്നതിനും അത് പരമാവധിവരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കുക. ഇതിനാവശ്യമായ പ്രോട്ടോക്കോൾ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ നടപ്പാക്കുക.

g. പൈലറ്റ് പ്രവർത്തനഘട്ടത്തിലും തുടർപ്രവർത്തനഘട്ടത്തിലും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, പ്രവർത്തനമികവു കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.

h. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഇവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ഹരിതകേരള മിഷൻ തീരുമാനിക്കുന്ന മാതൃകയിലും ഇടവേളകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ജില്ലാമിഷനും ഹരിത കേരളം മിഷനും നൽകുകയും ചെയ്യുക.

i. ഹരിത കർമ്മസേനക്ക് സാങ്കേതികസഹായം നൽകുക. അവർക്ക് പരിഹരിക്കാൻ കഴിയാത്ത സാങ്കേതിക പ്രശ്നങ്ങൾ, ഹരിത കർമ്മസേന ആവശ്യപ്പെടുന്ന അവസരത്തിൽ, രണ്ടു ദിവസത്തിനുള്ളിൽ ഹരിതസഹായ സ്ഥാപനം നിയോഗിക്കുന്ന വിദഗ്ദ്ധർ നേരിട്ട് പരിശോധിക്കേണ്ടതും ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പരിഹരിക്കേണ്ടതുമാണ്.

j. ഹരിതകർമ്മസേനയുടെ വരുമാനം വിലയിരുത്തി സാമ്പത്തിക സ്ഥിരത വരുത്തുന്നതിനാവശ്യമായ പദ്ധതികളും നിർദ്ദേശങ്ങളും നൽകുക.

k. ഹരിതസഹായ സ്ഥാപനങ്ങൾ മാസത്തിൽ ഒരു ദിവസം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നേരിട്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

l. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുക.

m. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പൊതുവായും അല്ലാതെയും അതതു പ്രദേശത്ത് ഏതൊക്കെ വിധത്തിലുള്ള ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളാണ് വേണ്ടിവരുന്നത് എന്നതിനനുസരിച്ച്, ഹരിത കർമ്മസേനയിലേക്ക് കൂടുതൽ അംഗങ്ങളെ ആവശ്യമുണ്ടോയെന്നു പരിശോധിക്കുക, ആവശ്യമെങ്കിൽ കൂടുതൽ പേരെ കണ്ടെത്തി ചേർക്കുക, പുതുതായി ചേർക്കപ്പെടുന്നവർക്ക് കൂടി പ്രാഥമിക പരിശീലനം (തദ്ദേശ സ്വയംഭരണ സ്ഥാപനതല മാലിന്യ സംസ്കരണ പരിപാടിയുടെ പൊതുസമീപനം, വിവിധ മാലിന്യ സംസ്കരണ ഉപാധികളും അവയുടെ പ്രവർത്ത

നവും എന്നിവയടങ്ങുന്ന പരിശീലനം) നൽകുക എന്നീ പ്രവർത്തനങ്ങൾ ഹരിതസഹായ സ്ഥാപനവും ഹരിതകർമ്മസേനയും ചേർന്നു നടത്തേണ്ടതാണ്.

n. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ നടത്തപ്പെടുന്ന സ്ഥാപനതല ശില്പശാലകളിൽ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഹരിത കേരളം മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും ഹരിതസഹായ സ്ഥാപനത്തിന്റെ വിദഗ്ദ്ധാംഗങ്ങളും ഹരിതകർമ്മസേനാംഗങ്ങളും മറ്റ് താത്പര്യമുള്ള പൗരജനങ്ങളുമാണ് പങ്കെടുക്കേണ്ടത്. ഈ ശില്പശാലയിൽ ആവശ്യകതാ നിർണയ സർവ്വെയിലൂടെ ലഭ്യമായ വിവരങ്ങൾ ഹരിതസഹായ സ്ഥാപനത്തിന്റെ വിദഗ്ദ്ധർ ക്രോഡീകരിച്ച് അവതരിപ്പിക്കണം.

o. അജൈവമാലിന്യത്തിലെ മൂല്യമുള്ള വസ്തുക്കൾ ക്ലീൻ കേരളകമ്പനിയോ അതുപോലെയുള്ള മറ്റ് സംവിധാനങ്ങളോ വഴി വിപണനം ചെയ്യുന്നതിലൂടെയും, ജൈവമാലിന്യങ്ങളുടെ കമ്പോസ്റ്റിങ്ങിലൂടെയുമുണ്ടാകുന്ന ജൈവവളത്തിന്റെ വിൽപ്പനയിലൂടെയുമുണ്ടാകുന്ന വരുമാനത്തിന്റെ ഒരു നിശ്ചിത വിഹിതം ഹരിത കർമ്മസേനയ്ക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങളായിരിക്കും. ഇതിനാവശ്യമായ പ്രോട്ടോക്കോൾ ഹരിതസഹായ സ്ഥാപനം തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ നടപ്പാക്കേണ്ടതാണ്.

p. തങ്ങളുടെ ചുമതലയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ എല്ലാ മാലിന്യ സംസ്കരണ സംവിധാനങ്ങളും കുറ്റമറ്റരീതിയിൽ പ്രവർത്തിക്കുന്നുവെന്നും അവയിലൊന്നുപോലും സാങ്കേതിക പ്രശ്നങ്ങളാൽ തടസ്സപ്പെടുന്നില്ലയെന്നും ഉറപ്പാക്കേണ്ടത് ഹരിതസഹായസ്ഥാപനത്തിന്റെ ഉത്തരവാദിത്തമായിരിക്കും.

മേൽ പറഞ്ഞ സേവനങ്ങളെല്ലാം നൽകാൻ പര്യാപ്തമായ സംഘടനാ സംവിധാനം ഹരിതസഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെടുന്നതിന് താത്പര്യപത്രം സമർപ്പിക്കുന്ന സംഘടനയ്ക്ക് ഉണ്ടായിരിക്കണം.

## 2. യോഗ്യതാ മാനദണ്ഡങ്ങൾ

1. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മുൻപരിചയമുള്ള, ടി മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള ആവശ്യത്തിന് മാനവശേഷിയുള്ള സ്ഥാപനങ്ങൾക്ക് ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെടുന്നതിന് താത്പര്യപത്രം സമർപ്പിക്കാവുന്നതാണ്.
2. ഹരിത സഹായ സ്ഥാപനങ്ങൾക്ക് പ്രൊഫഷണലായി മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ നോക്കി നടത്തുന്നതിനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം ഉണ്ടായിരിക്കണം.
3. സ്ഥാപന നടത്തിപ്പുകാരിൽ സാങ്കേതിക വൈദഗ്ധ്യമുള്ളവരും പ്രൊഫഷണലുകളും ഉണ്ടായിരിക്കണം. ഹരിതകർമ്മ സേനയിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങൾ വച്ച് റിപ്പോർട്ടുകൾ തയ്യാറാക്കാൻ ശേഷിയുള്ളവരും സ്ഥാപന നടത്തിപ്പുകാരിൽ ഉണ്ടായിരിക്കണം. മേൽപ്പറഞ്ഞ യോഗ്യതയുള്ള ആളുകൾ സ്ഥാപനത്തിൽ മുഴുവൻ സമയ പ്രവർത്തകരായി ഉണ്ടായിരിക്കണം.

4. ഹരിത സഹായ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
5. ഹരിതകേരള മിഷൻ നിശ്ചയിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓരോ ക്ലസ്റ്ററി ലേക്കും തെരഞ്ഞെടുക്കപ്പെടുന്ന ഹരിതസഹായ സ്ഥാപനത്തിൽ ഉണ്ടാകേണ്ട ജീവനക്കാ രുടെ യോഗ്യതയും, അവർ നൽകേണ്ട സേവനങ്ങളും, സന്ദർശിക്കേണ്ട ഇടവേളകളും താഴെ നൽകുന്നു.

**a. സാങ്കേതിക വിദഗ്ദ്ധർ**

ഹരിതകർമ്മസേനയുടെ സാങ്കേതിക മികവ്, പ്രവർത്തനമികവ്, മാനേജ്മെന്റ് മികവ് എന്നിവ വിലയിരുത്തുന്നതിനും ഹരിതകർമ്മസേനയുടെ സാമ്പത്തിക സ്ഥിതി മെച്ച പ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും അവരുടെ പ്രവർത്ത നങ്ങൾ ഏകോപിപ്പിക്കുന്നതിനും വൈദഗ്ദ്ധ്യമുള്ള ഒരാൾ. സാങ്കേതിക വിദഗ്ദ്ധൻ മാസത്തിലൊരിക്കൽ തദ്ദേശഭരണ സ്ഥാപനം സന്ദർശിക്കേണ്ടതും ആവശ്യമെങ്കിൽ കൂടുതൽ തവണ സന്ദർശിക്കേണ്ടതുമാണ്. പ്രൊഫഷണൽ യോഗ്യതയുള്ള ഒരാളാ യിരിക്കണം സാങ്കേതിക വിദഗ്ദ്ധൻ.

**b. ടെക്നീഷ്യൻ**

ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിഹരിക്കാൻ കഴിയാത്ത സാങ്കേതിക പിഴവുകൾ നേരിട്ട് എത്തി പരിഹരിക്കാൻ കഴിയുന്ന സാങ്കേതിക വൈദഗ്ദ്ധ്യം ഹരിതകർമ്മ സേനയ്ക്കുള്ള സംശയങ്ങൾ ദൂരീകരിക്കാൻ കഴിവുമുള്ള ആളായിരിക്കണം. ടെക്നീഷ്യൻ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ആവശ്യപ്പെടുന്നതനുസരിച്ച് അവിടെ എത്തേണ്ടതാണ്. കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഉറവിട മാലിന്യ സംസ്ക്കരണ പ്രവർത്തനത്തിൽ അറിവുണ്ടാകുന്നത് അഭികാമ്യമാണ്.

**c. കോർഡിനേറ്റർ**

ഹരിതകർമ്മ സേനയുമായും തദ്ദേശഭരണ സ്ഥാപനവുമായും നിരന്തരം ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. ഏകോപനത്തിലും ആശയവിനിമയത്തിലും വൈദഗ്ദ്ധ്യമുള്ള ആളായിരിക്കണം കോർഡിനേറ്റർ. തദ്ദേശസ്ഥാപനത്തിനും ജില്ലാ മിഷനും ഹരിതകേരളം മിഷനും ആവശ്യമായ റിപ്പോർട്ടുകൾ നൽകേണ്ട ചുമതല കോർഡിനേറ്റർക്കാണ്.

**3. പൊതു നിബന്ധനകൾ**

i. ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെടുന്ന സംഘടന തുടക്കത്തിൽ ഹരിതകേരളം മിഷനുമായി രണ്ടു വർഷക്കാലത്തെ പ്രവർത്തനത്തിനുള്ള ധാരണാപത്ര ത്തിലാണ് ഏർപ്പെടേണ്ടത്. പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർന്നു ള്ള വർഷങ്ങളിലേക്ക് ഈ അംഗീകാരം പുതുക്കപ്പെടുക.

ii. ചെയ്യേണ്ട പ്രവർത്തനങ്ങളുടെ സ്വഭാവവും പ്രാധാന്യവും വൈപുല്യവും പൂർണ്ണമായി ഉൾക്കൊണ്ടുവേണം താത്പര്യപത്രം സമർപ്പിക്കുന്നത്. ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെടുന്നതിന് താത്പര്യപത്രം തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് ഈ നോട്ടിഫിക്കേഷന് അനുബന്ധം (2) ആയി നൽകുന്നു.

iii. പൂർണ്ണമായും കൃത്യമായും പൂരിപ്പിച്ച ഉപരിപത്രം (അനുബന്ധം 1), രജിസ്ട്രേഷൻ ഫോറം (അനുബന്ധം 2) എന്നിവ ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

iv. ഈ താത്പര്യപത്രത്തിലെ വ്യവസ്ഥകൾ യാതൊരുവിധകാരണങ്ങളും കാണിക്കാതെ ഭേദഗതി വരുത്തുവാനോ റദ്ദാക്കുവാനോ ഉള്ള അവകാശം ശുചിത്വ മിഷനിൽ നിക്ഷിപ്തമായിരിക്കും.

v. താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 06.01.2018, 4.00 pm ആയിരിക്കും.

vi. അപേക്ഷകരുടെ മുൻകാല പ്രവർത്തന മികവ്, പ്രവർത്തന പരിചയം, ജനകീയത, സംഘടനാ സംവിധാനത്തിന്റെ കെട്ടുറപ്പ്, ഈ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിലാണ് താത്പര്യപത്രം വിലയിരുത്തപ്പെടുക.

പൊതുവായ സമയക്രമം താഴെകൊടുക്കുന്നു.

| | |
|---|---|
| താത്പര്യപത്രം ക്ഷണിക്കുന്ന നോട്ടിഫിക്കേഷൻ തീയതി | 05-04-2018 |
| താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | 24-04-2018 അപരാഹ്നം 4.00 മണി |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
ശുചിത്വ മിഷൻ

സ്ഥലം: തിരുവനന്തപുരം
തീയതി :05.04.2018

**അനുബന്ധം-I**

# ഹരിത സഹായ സ്ഥാപന രൂപീകരണത്തിനായി താത്പര്യപത്രം തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ്

ഫോറം 1 ഉപരിപത്രം (അപേക്ഷകരുടെ പൊതു വിവരങ്ങൾ)

**നമ്പർ**...................................... **തീയതി**.............................

പ്രേഷകൻ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് ഡയറക്ടർ,
ശുചിത്വ മിഷൻ

സർ,

വിഷയം :- ഹരിത സഹായ സ്ഥാപന രൂപീകരണത്തിനുള്ള താത്പര്യപത്രം

ശുചിത്വ മിഷൻ പുറപ്പെടുവിച്ചിട്ടുള്ള ......................... തീയതിയിലെ ............................ നമ്പർ നോട്ടിഫിക്കേഷന് അനുസൃതമായി ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ട് പ്രവർത്തിക്കാൻ ഞങ്ങൾ താത്പര്യപ്പെടുന്നു. അതിനായി നിർദ്ദിഷ്ട ഫോർമാറ്റിലുള്ള അപേക്ഷയും രേഖകളുമടക്കം അനുബന്ധം ഇതിനാൽ സമർപ്പിക്കുന്നു.

ഹരിത സഹായ സ്ഥാപനം നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും പ്രവർത്തനങ്ങളുടെ സ്വഭാവത്തെക്കുറിച്ചും ഞങ്ങൾക്ക് വ്യക്തമായ ധാരണയുണ്ട്. സ.ഉ(സാധാ)നം.2420/2017/തസ്വഭവ തീയതി 15.07.2017 യിലെ വിശദീകരണങ്ങൾ വായിച്ചു മനസ്സിലാക്കിയിട്ടുണ്ട്. അവ ഞങ്ങൾക്ക് നിർവ്വഹിക്കാനാകുമെന്നും ഞങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉള്ളടക്കം ചെയ്യുന്ന വിവരങ്ങൾ വസ്തുനിഷ്ഠമാണെന്നും ഉറപ്പ് തരുന്നു.

വിശ്വാസപൂർവ്വം

പേര്, വിലാസം, ഓഫീസ് സീൽ

**ഫോറം 2**

## അപേക്ഷകരുടെ പ്രവർത്തന വിശദാംശങ്ങൾ

| | |
|---|---|
| അപേക്ഷകരായ സംഘടനയുടെ /സ്ഥാപനത്തിന്റെ പൂർണ്ണ വിലാസം | |
| സംഘടനയുടെ / സ്ഥാപനത്തിന്റെ തരം | |
| രൂപീകരിച്ച വർഷം | |
| രജിസ്ട്രേഷൻ നമ്പർ | |
| പ്രധാന പ്രവർത്തന മേഖലകൾ | |
| മുൻകാലത്ത് ഏറ്റെടുത്ത പ്രധാന പ്രോജക്ടുകൾ | |
| മാലിന്യ സംസ്കരണ രംഗത്ത് ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ (ഓരോന്നിന്റെയും ലക്ഷ്യം, നിർവ്വഹണ കാലയളവ്, പ്രവർത്തന പ്രദേശം, സവിശേഷതകൾ, പദ്ധതി ചെലവ്, കൈവരിച്ച നേട്ടം എന്നിവ വിശദമാക്കുന്ന കുറിപ്പ് ഉള്ളടക്കം ചെയ്യുക) | |
| സംഘടനയുടെ /സ്ഥാപനത്തിന്റെ ജീവനക്കാരായി മാലിന്യ സംസ്കരണ രംഗത്ത് വൈദഗദ്ധ്യമുള്ള എത്ര പ്രവർത്തകരുണ്ട് | |
| അവരുടെ വിശദാംശങ്ങൾ (പേര്, വിദ്യാഭ്യാസ യോഗ്യത, മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന പരിചയം, പ്രവർത്തന മേഖല വിശദ മായ പട്ടിക ഉള്ളടക്കം ചെയ്യുക) | |
| നിലവിൽ സംഘടനയുടെ /സ്ഥാപനത്തിന്റെ ജീവ നക്കാരായുള്ള ഫീൽഡുതല പ്രവർത്തകരുടെ എണ്ണം | |
| മാലിന്യ സംസ്കരണ രംഗത്ത് സംഘടനയുടെ / സ്ഥാപനത്തിന്റെ സവിശേഷ മികവുകളും ശേഷി കളും | |
| മാലിന്യ സംസ്കരണ രംഗത്ത് സംഘടനയ്ക്ക് / സ്ഥാപനത്തിന് ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ, അംഗീകാരങ്ങൾ | |